ടെലഫോൺ:2721278

എൻ.സി.സി ഡയറക്ട്‌റേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ.650/എ2/II- എസ്റ്റാ/2019/എൻ.സി.സി

26 ഫെബ്രുവരി 2022

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

ഗ്രൂപ്പ് കമാൻഡർ
എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾ
തിരുവനന്തപുരം/കൊല്ലം/കോട്ടയം/
എറണാകുളം/കോഴിക്കോട്
എല്ലാ എൻ.സി.സി യൂണിറ്റുകളും

} ഔദ്യോഗിക വെബ്സൈറ്റ് മുഖേന

**എൻ.സി.സി വകുപ്പ് - മറ്റു തസ്തികകളിലേക്ക് നിയമനം ലഭിക്കുന്ന ജീവനക്കാരുടെ വിടുതൽ (Relieving) - സംബന്ധിച്ച്.**

1. മേൽ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് മറ്റേതെങ്കിലും തസ്തികയിലേക്ക് പുതുതായി നിയമനം ലഭിക്കുമ്പോൾ, ചില യൂണിറ്റ് ഓഫീസുകൾ ADG NCC - യുടെ അനുവാദം വാങ്ങാതെ ടി ജീവനക്കാരെ വിടുതൽ ചെയ്യിച്ച് പുതിയ തസ്തികയിൽ പ്രവേശനത്തിന് അനുമതി നൽകുന്നതായി ശ്രദ്ധയിൽപെട്ടിരിക്കുകയാണ്. നിലനിൽക്കുന്ന നിയമങ്ങൾക്ക് വിരുദ്ധമായ ഈ നടപടി കാരണം ഒട്ടനവധി നടപടി ക്രമങ്ങൾക്ക് വിധേയമാവുന്നതും കൂടാതെ ഒഴിവുകൾ കൃത്യമായി പി.എസ്.സി -ക്ക് റിപ്പോർട്ട് ചെയ്യുവാൻ അനാവശ്യമായ കാലതാമസം നേരിടാറുമുണ്ട്.

2. ആയതിനാൽ ഈ വകുപ്പിലെ നിയമനാധികാരിയായ ADG NCC —യുടെ അനുമതിയില്ലാതെ ജീവനക്കാരെ നിലവിലെ തസ്തികയിൽ നിന്നും വിടുതൽ നൽകാൻ പാടില്ല എന്നും മേലിൽ ഇത്തരം പ്രവണതകൾ ശ്രദ്ധയിൽപെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ് എന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

(സുമി സന്ദീപിക ജി മാസ്റ്റർ ലി)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്കു വേണ്ടി

കെ.എസ്